Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അടാട്ട് ഗ്രാമ പഞ്ചായത്ത് - പുഴയ്ക്കൽ വാട്ടർ സപ്ലൈ പുഴയിലെ ചണ്ടി വീണത് മാറ്റിയതിന്റെയും ചെളി മാറ്റിയതിന്റെയും ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2056**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 26.07.2012.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 1) അടാട്ട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 06.08.2011-ലെ എ-9972/11 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 11.07.2012-ലെ ജി1-30942/11 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

അടാട്ട് ഗ്രാമ പഞ്ചായത്തിലെ പുഴയ്ക്കൽ വാട്ടർ സപ്ലൈ സ്കീമിന്റെ ജലം എടുക്കുന്ന പുഴയുടെ ഭാഗത്ത് ചണ്ടി ചീഞ്ഞത് ആളെ നിർത്തി മാറ്റിയവകയിൽ ചെലവായ 12240/- രൂപയ്ക്കും ടി കുടിവെള്ള പദ്ധതിയുടെ ഫിൽറ്റർ കിണറിനു ചുറ്റും ചെളി അടിഞ്ഞത് നീക്കം ചെയ്യുന്നതിന് ചെലവായ 40778/- രൂപയ്ക്കും സാധൂകരണം നൽകണമെന്ന് പരാമർശം ഒന്നു പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അടാട്ട് ഗ്രാമ പഞ്ചായത്തിലെ പുഴയ്ക്കൽ വാട്ടർ സപ്ലൈ സ്കീമിന്റെ ജലം എടുക്കുന്ന ഭാഗത്തെ ചണ്ടി നീക്കിയ ഇനത്തിൽ ചെലവായ **12240 രൂപയ്ക്കും (പന്ത്രണ്ടായിരത്തി ഇരുന്നൂറ്റി നാൽപ്പത് രൂപ മാത്രം)** ടി കുടിവെള്ള പദ്ധതിയുടെ ഫിൽറ്റർ കിണറിനു ചുറ്റും ചെളി അടിഞ്ഞത് നീക്കം ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്നും **40778/- രൂപ (നാൽപ്പതിനായിരത്തി എഴുന്നൂറ്റി എഴുപത്തി എട്ട് രൂപ മാത്രം)** ചെലവാക്കിയതിനും സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, അടാട്ട് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊച്ചി.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കായി)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.